കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ലോക്കൽ ഗവൺമെൻറ് കമ്മീഷനിലെ ജീവനക്കാർക്ക് 10/05/2016 മുതൽ 28/7/2016 വരെയുള്ള കാലയളവിലെ വേതനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (കൈ) നം. 205/2017/തസ്വഭവ     *തിരുവനന്തപുരം, തീയതി* 21/10/2017.

---

പരാമർശം:-

1. സ.ഉ(എം.എസ്) നം.273/2012/തസ്വഭവ തീയതി 22/10/12.
2. സ.ഉ(എം.എസ്) നം.94/2016/തസ്വഭവ തീയതി 29/07/16.
3. സ.ഉ(എം.എസ്) നം.148/2016/തസ്വഭവ തീയതി 21/10/16.
4. ലോക്കൽ ഗവൺമെൻറ് കമ്മീഷൻ സെക്രട്ടറിയുടെ 10/01/2017-ലെ LGC/29/2016 നമ്പർ കത്ത്.

ഉത്തരവ്

കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രക്രിയയെ സ്ഥാപനവൽക്കരിക്കുന്നത് ത്വരിതഗതിയിൽ ആക്കുന്നതിനായി ശ്രീ.കുട്ടി അഹമ്മദ് കുട്ടിയെ ചെയർമാനായി നിയമിച്ചുകൊണ്ട് പരാമർശം 1 പ്രകാരം ലോക്കൽ ഗവൺമെന്റ് കമ്മീഷൻ രൂപീകരിച്ചിരുന്നു. ശ്രീ.കുട്ടി അഹമ്മദ് കുട്ടി ചെയർമാനായുള്ള ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ കാലാവധി 10/05/2016-ന് അവസാനിച്ച സാഹചര്യത്തിൽ പരാമർശം 2 പ്രകാരം ഡോ.സി.പി.വിനോദിനെ ചെയർമാനായി നിയമിക്കുകയും പരാമർശം 3 പ്രകാരം ലോക്കൽ ഗവൺമെന്റ് കമ്മീഷൻ പുനഃസംഘടിപ്പിക്കുകയും ചെയ്തിരുന്നു.

2. ശ്രീ.കുട്ടി അഹമ്മദ് കുട്ടി ചെയർമാനായുള്ള ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ കാലാവധി അവസാനിച്ചതു മുതൽ ഡോ.സി.പി.വിനോദിനെ ചെയർമാനായി നിയമിച്ചത് വരെയുള്ള കാലയളവിൽ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ഓഫീസ് പ്രവർത്തിക്കുകയും ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുള്ളതായും പ്രസ്തുത സാഹചര്യത്തിൽ ലോക്കൽ ഗവൺമെന്റ് കമ്മീഷനിലെ ജീവനക്കാർക്ക് 10/05/2016 മുതൽ 28/07/2016 വരെയുള്ള കാലയളവിലെ വേതനം അനുവദിക്കണമെന്ന് പരാമർശം 4 പ്രകാരം ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 10/05/2016 മുതൽ 28/07/2016 വരെയുള്ള കാലയളവിൽ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സേവനം ഉപയോഗപ്പെടുത്തിയിട്ടുള്ള ജീവനക്കാർക്ക് ആ കാലയളവിൽ അർഹമായ വേതനം അനുവദിച്ച് നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

1. ചെയർമാൻ, ലോക്കൽ ഗവൺ മെൻറ് കമ്മീഷൻ, സ്വരാജ് ഭവൻ, തിരുവനന്തപുരം.
2 സെക്രട്ടറി, ലോക്കൽ ഗവൺ മെൻറ് കമ്മീഷൻ, സ്വരാജ് ഭവൻ, തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4 പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
5 അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
6 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
7 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർ മേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8 സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.